# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 471. 19.03.2013 ൽ മറുപടിയ്ക്ക്

### വാഹന രജിസ്ട്രേഷൻ എല്ലാ ആർ.ടി. ഓഫീസുകളിലും നടത്തുന്നതിനുള്ള സൗകര്യം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) വാഹന രജിസ്ട്രേഷൻ ഏത് ആർ.ടി. ഓഫീസിലും നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ ; | (എ) | 1988 ലെ മോട്ടോർ വാഹന നിയമത്തിലെ 40-ാംവകുപ്പ് പ്രകാരം വാഹന ഉടമസ്ഥന്റെ വാസസ്ഥാനം അല്ലെങ്കിൽ ജോലിസ്ഥലം ഏത് രജിസ്റ്ററിംഗ് അതോറിറ്റിയുടെ അധികാര പരിധിയിലാണോ വരുന്നത് ആ ഓഫീസിൽ മാത്രമേ വാഹനം രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളു. ആയതിനാൽ വാഹന രജിസ്ട്രേഷൻ ഏത് ആർ.ടി.ഓഫീസിലും നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുവാൻ നിലവിലുള്ള നിയമപ്രകാരം സാധ്യമല്ല. |
| (ബി) എല്ലാ ആർ.ടി.ഓഫീസുകളിലും ടാക്സ് സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ ഒഴികെയുള്ള എല്ലാ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും കേരളത്തിലെ ഏത് ആർ.ടി.ഓഫീസിൽ വേണമെങ്കിലും നികുതി അടയ്ക്കാവുന്നതാണ്. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി പ്രസ്തുത വാഹനം എൻഡോഴ്സ് ചെയ്തിട്ടുള്ളത് ഏത് ഓഫീസിന്റെ അധികാര പരിധിയിലാണോ ആ ഓഫീസിൽ മാത്രമേ ടാക്സ് അടയ്ക്കുവാൻ സാധിക്കുകയുള്ളു. സംസ്ഥാന വ്യാപകമായി ഇ-പേമെന്റ് ഫെസിലിറ്റി നിലവിൽ വരുന്നതോടുകൂടി നികുതി അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) പോസ്റ്റൽ സംവിധാനം പരിമിത - പ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | നിലവിൽ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി രേഖകൾ സമർപ്പിച്ച് അന്നുതന്നെ സേവനം സ്വീകരിക്കുന്നതിനുള്ള അവസരം അപേക്ഷകർക്കുണ്ട്. മാത്രമല്ല, ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ കൈമാറുന്നതിനുള്ള സംവിധാനവും അപേക്ഷകർക്ക് ലഭ്യമാണ്. മേൽ പറഞ്ഞ രീതികളിലൂടെ പോസ്റ്റൽ സംവിധാനം പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകൾ ബുധനാഴ്ച ദിവസങ്ങളിൽ പ്രവർത്തിക്കില്ല എന്ന ഉത്തരവിനെ കുറിച്ചുള്ള നിലപാട് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവ് പിൻവലിക്കു- വാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | സംസഥാനത്തെ ആർ.ടി.ഓഫീസുകൾ ബുധനാഴ്ച ദിവസങ്ങളിലും പ്രവർത്തി- ക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിന്ന് നികുതി പിരിവിൽ വീഴ്ച വരാത്ത രീതിയിൽ ബുധനാഴ്ചകളിൽ മറ്റു സേവനങ്ങളും ലഭ്യമാക്കാൻ ഗതാഗതകമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 04/07/2012 മുതൽ പൊതുജനങ്ങൾക്ക് അത്യാവശ്യ സേവനങ്ങൾ നല്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് കൗണ്ടർ കൂടി പ്രവർത്തിപ്പിക്കുന്നതിന് ഗതാഗത കമ്മീഷണർ ബന്ധപ്പെട്ട എല്ലാപേർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) ഡ്രൈവിംഗ് ടെസ്റ്റ് സംസ്ഥാനത്ത് എവിടെയും നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (ഇ) | കേന്ദ്ര മോട്ടോർ വാഹന നിയമ പ്രകാരം അപേക്ഷകന്റെ സ്ഥിരം മേൽവിലാസം, അല്ലെങ്കിൽ താത്കാലിക മേൽ വിലാസം ഏത് ഓഫീസിന്റെ കീഴിലാണോ വരുന്നത് പ്രസ്തുത ഓഫീസിൽ നിന്ന് മാത്രമേ ലൈസൻസ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ ഡ്രൈവിംഗ് ടെസ്റ്റ് ടി ഓഫീസിനു കീഴിൽ. മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.